# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5713 — 24.05.2017 — ൽ മറുപടിക്ക്

## പുതുക്കിയ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. യു.ആർ പ്രദീപ് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡാണ് പുതുക്കി നൽകാനുള്ളതെന്നും റേഷൻ കാർഡ് പുതുക്കി നൽകുന്നതിന് അപേക്ഷ സ്വീകരിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ; | (എ) | 01.01.2015- മുതൽ ആണ് റേഷൻ കാർഡ് പുതുക്കി നൽകുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുള്ളത്. അപേക്ഷ ലഭ്യമായിട്ടുള്ള 8018030 കാർഡുകൾ പുതുക്കി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | റേഷൻ കാർഡ് പുതുക്കി നൽകുന്നത് വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവ രടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹീയറിംഗ് നടത്തി പരാതികളിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ല കളക്ടർ ചെയർമാനും, ജില്ല സപ്ലൈ ഓഫീസർ കൺവീനറും ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ല സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തയ്യാറാക്കി റേഷൻ കാർഡ് അച്ചടി നടന്നു വരുന്നു. റേഷൻ കാർഡുകളുടെ അകത്തെ പേജുകളുടെ അച്ചടി സർക്കാർ ഏജൻസിയായ കെ.ബി.പി.എസ്.നും പുറംചട്ടയുടെ അച്ചടിയും ലാമിനേഷനും സ്റ്റാപ്ലിംഗും മറ്റൊരു സർക്കാർ ഏജൻസിയായ സി-ഡിറ്റിനുമാണ് നൽകിയിട്ടുള്ളത്. കൊല്ലം ജില്ലയിലെ റേഷൻകാർഡ് വിതരണം 22.05.2017 ന് ആരംഭിച്ചു. മറ്റ് ജില്ലകളിലെ റേഷൻകാർഡ് വിതരണം 01.06.2017ന് മുൻപ് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*